HON'BLE MR. K. R. ELANKATH: അങ്ങിനെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

MR. K. P. NILAKANTA PILLAI: അഞ്ചൽ ഡിപ്പാർട്ടുമെൻറും പോസ്റ്റൽ ഡിപ്പാർട്ടുമെൻറും തമ്മിൽ ഒന്നിച്ചുചേക്കാൻപോകുന്നുവെന്നുള്ള തിനെപ്പറ്റി വല്ല അധികൃതസമാധാനവും ഗവണ്മെൻറിനു തരാനുണ്ടോ?

HON'BLE MR. K. R. ELANKATH: ഇല്ല. അഞ്ചൽവകുപ്പിനെ സംബന്ധിച്ച ചില വിവരങ്ങൾ ഇൻഡ്യാഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുള്ളതല്ലാതെ ഇതിനെ സംബന്ധിച്ച യാതൊരറിവും ഗവണ്മെൻറിന് അധികൃതമായി ലഭിച്ചിട്ടില്ല.

തിരുവിതാംകൂർ ലേബർ പാർട്ടി.

513. MR. P. K. KRIHNAN SASTRI (മീനച്ചൽ വടക്കു പുലയസംവരണം): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ ലേബർപാർട്ടി എന്നൊരു പാർട്ടി ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തകർ ആരെല്ലാമെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) ടി പാർട്ടിയുടെ പേരിൽ ഗവണ്മെൻറിൽ നിന്നും നടപടികളെടുത്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്നും ദയവായി പറയുമോ?

(സി) ഈ നടപടികളുടെ സ്വഭാവം എന്താണെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN: (എ) തിരുവിതാംകൂർ ലേബർ പാർട്ടി എന്നൊരു പാർട്ടി ഉണ്ടായിട്ടില്ല.

(ബി), (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

നിർബന്ധിതവിദ്യാഭ്യാസം.

514. MR. S. KUTTAN (നെയ്യാറ്റിങ്കര കിഴക്കു ജനറൽ): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) നിർബന്ധിതവിദ്യാഭ്യാസം ഇതിനകം ഏതെല്ലാം താലൂക്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly